# സൂക്ഷ്മത്തോടെ നടപ്പീൻ

## (പാസ്റ്റർ ജോൺ റ്റി. കുര്യൻ)

***ആകയാൽ സൂക്ഷ്മത്തോടെ. അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രെ നടപ്പാൻ നോക്കുവീൻ (എഫേസ്യർ 5 : 15)***

നമ്മുടെ വാക്കുകളെക്കാൾ നമ്മുടെ നടപ്പിനെയാണ് മറ്റുള്ളവർ ശ്രദ്ധിക്കുന്നത്. ലോകക്കാർ വേദപുസ്തകം പാരായണം ചെയ്യാറില്ലെങ്കിലും നമ്മുടെ ജീവിതത്തെയാണ് നോക്കി വായിക്കുന്നത്. പ്രസിദ്ധനായ ഡി.എൽ.മൂഡി പറഞ്ഞതിപ്രകാരമാണ് "ചിലർ ദൈവദൂതന്മാരെപ്പോലെ പ്രസംഗിക്കുകയും പിശാചിനെപ്പോലെ ജീവിക്കുകയും ചെയ്യുന്നു, ചിലർ തങ്ങളുടെ ഭവനങ്ങളിൽ നിന്നും വിദൂരത്താ യിരിക്കുമ്പോൾ ദൈവദൂതതുല്ല്യരായി ഇടപെടും, എന്നാൽ ഭവനങ്ങളിൽ കുറുപ്രാവിനെ റാഞ്ചുന്നവരെ പ്പോലെയാണ് (മൂഡിയുടെ പ്രസംഗങ്ങൾ, പുറം 49).

വിശുദ്ധരുടെ നടപ്പ് പരിശുദ്ധനായ കർത്താവിനൊപ്പം ആയിരിക്കണം. ആദാം മുതൽ ഏഴാമനായ ഹാനോക്ക് അറുപത്തഞ്ചു വയസ്സായപ്പോൾ മെഥുശലഹിനെ ജനിപ്പിച്ച ശേഷം മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കുകയും പുത്രന്മാരെയും പുത്രിമാരെയും ജനി പ്പിക്കുകയും ചെയ്തു. ദൈവത്തോടുകൂടെ നടക്കുന്നതിൽ മക്കളോ, കുടുംബമോ, ജീവിതപ്രശ്നങ്ങളോ ഒന്നും തടസ്സമായി രുന്നില്ല. (ഉല്പത്തി 5 : 21-24). തൻെറ തലമുറയിൽ നിഷ്ക്കളങ്കനായിരുന്ന നോഹ ദൈവത്തോടുകൂടെ നടന്നു. (ഉല്പത്തി 6: 9). അങ്ങനെ ദൈവത്തോടുകൂടെ നടന്ന നോഹയെക്കുറിച്ച് " ഞാൻ നിന്നെ ഈ തലമുറയിൽ എൻെറ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു" എന്നു ദൈവം അരുളിച്ചെയ്തു (ഉല്പത്തി 7:1).നമ്മേക്കുറിച്ച് ദൈവം എന്തു സാക്ഷ്യം പറയുമെന്ന് ചിന്തിച്ചു കൊള്ളുക.

തേജോമയനായ ദൈവം അബ്രഹാമിനു പ്രത്യക്ഷനായിട്ട്, ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്കു വിളിച്ചിറക്കി. അവിടെ എത്തുവോളം എങ്ങനെയെങ്കിലും നടന്നുകൊള്ളുവാൻ ദൈവം അനുവദിച്ചില്ല. പ്രത്യുത യഹോവ പ്രത്യക്ഷനായിട്ട് അവനോടു പറഞ്ഞത് "ഞാൻ സർ വ്വശക്തിയുള്ള ദൈവം ആകുന്നു, നീ എൻെറ മുമ്പാകെ നടന്നു നിഷ്ക്കള ങ്കനായിരിക്ക" (ഉല്പത്തി 17:1). മരണം വരെ എങ്ങനെയെങ്കിലും ജീവിച്ച് മരണക്കിടക്കയിൽ വച്ച് ക്രമീകരണം പ്രാപിക്ക ുവാൻ ആഗ്രഹിക്കുന്ന ധാരാളം ആളുകളുണ്ട്. അവർക്ക് ഇതൊരു താക്കീതാണ്. എന്നാൽ അബ്രഹാം ദൈവത്തിൻെറ മുമ്പാകെ നിഷ്ക്കളങ്കനായി നടന്നതിനാൽ ദെവത്തിൻെറ സ്നേഹിതൻ എന്നു ദൈവം തന്നെ വിളിപ്പാൻ ഇടയായി (യെശയ്യാവ് 41:8). ദൈവം മോശ മുഖാന്തരം ന്യായപ്രമാണം കൊടുത്തപ്പോഴും യി സ്രായേൽ മക്കളോടു കല്പിച്ചത് "നിങ്ങൾ ജീവിച്ചിരിക്കേ ണ്ടതിനും നിങ്ങൾക്കു നന്നായിരിക്കേണ്ട തിനും നിങ്ങൾ കൈവശമാക്കുന്ന ദേശത്തു ദീർഘായുസ്സോടിരിക്കേണ്ടതി നും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചിട്ടുള്ള എല്ലാ വഴികളിലും നടന്നുകൊൾവിൻ" (ആവർത്തനം 5:33)

കർത്താവിനോടുകൂടെ തടവിലാകുവാനും മരിക്കുവാനും ഒരിങ്ങിയിരിക്കുന്നു എന്നു പറഞ്ഞ പത്രോസിൻെറ ബലഹീനത കർത്താവിന് അറിയാമായിരുന്നു; ആകയാൽ പരീക്ഷ യിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവാ ൻ കല്പിച്ചു എങ്കിലും കഴിയാതെ കണ്ണിനു ഭാരമേറുക യാൽ ഉറങ്ങിപ്പോയി. പ്രാർത്ഥിക്കേണ്ട സമയത്തു പ്രർത്ഥി പ്പാൻ കഴിയാതെ പോയ പത്രോസ് അല്പ സമയം കഴി ഞ്ഞപ്പോൾ, അഥവാ പരിശോധനയിൽ കർത്താവിനെ അക ലം വിട്ടു പിൻ ചെന്നു (ലൂക്കോസ് 22:54). നാമും പ്രാർത്ഥിക്കേണ്ട സമയത്തു പ്രാർത്ഥിക്കാതെ ക്ഷീണിച്ചു പോകുന്ന എത്ര സന്ദർഭങ്ങളാണ് ഉള്ളത്.? ഉണർന്നു പ്രാർത്ഥിക്കാം.

നമ്മുടെ ചിന്തയ്ക്ക് ആധാരമായിരിക്കുന്ന വാക്യത്തിൽ സൂക്ഷ്മത്തോടെ എന്നതിന് അക്രിബോസ് (Acribos) എന്ന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദത്തിന് പൂർണ്ണത, തികഞ്ഞ എന്നൊക്കെയാണ് അർത്ഥം വരുന്നത്. വിശ്വാസ ജീവിതത്തിൻെറ ആരംഭമായ രക്ഷ പ്രാപിച്ച് ചില പടികൾ മുമ്പോട്ടു വച്ച് എങ്ങനെയെങ്കിലും സ്വർഗ്ഗത്തിൽ പോകാമെന്നുള്ളത് വ്യമോഹമാണ്. എന്നാൽ വിളിക്കു യോഗ്യമാകും വണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കണം (എഫേസ്യർ 4:2), സ്നേഹത്തിൽ നടക്കണം (എഫേസ്യർ 5:2), വെളിച്ചത്തിലുള്ളവരായി നടക്കണം (എഫേസ്യർ 5:9), ജാതികൾ നടക്കുന്നതുപോലെ നടക്കരുത് (എഫേസ്യർ 4:17). ബാലൻ തൻെറ നടപ്പിനെ നിർമ്മല മാക്കുന്നത് എങ്ങനെ? നിൻെറ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ(സങ്കീർത്തനം 119:9). ദൈവ വചനപ്രകാരം നടക്കുന്നതിന് ജിവിതം സൂക്ഷിച്ചെങ്കിൽ മാത്രമെ നിർമ്മലമായ നടപ്പ് ഉണ്ടാകുവാൻ കഴികയുള്ളു. എൻെറ നടപ്പ് അവൻെറ ചുവുകളിൽ തന്നെ ആയിരുന്നു, എൻെറ കാൽ വഴുതുവാൻ ഇട വരുത്തിയില്ല എന്ന് നമുക്ക് ഓരോരുത്തർക്കും പറയുവാൻ ഇടവരട്ടെ. "എങ്കിലും ഉടുപ്പു മലിനമാകാത്ത കുറെ പേർ സർദ്ദീസിൽ നിനക്കുണ്ട്. അവർ യോഗ്യവാന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ട് എന്നോടുകൂടെ നടക്കും" (വെളിപാട് 3:4-5). സൂക്ഷ്മത്തോടെ നടപ്പാൻ ദൈവം ഏവരേയും സഹായിക്കട്ടെ.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved